# അക്കാദമിക മാസ്റ്റർ പ്ലാൻ

# ക്ലാസ് - 2

# 2025 - 2026

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ജി. എൽ പി എസ് കൊളക്കാട്

## STD-2 മലയാളം

ആമുഖം

രണ്ടാം ക്ലാസിലെ കുട്ടികളുടെ ഭാഷാ വികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത് എഴുത്ത്. വായന, മറ്റ് അക്കാദമികമായ കാര്യങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്.

ലക്ഷ്യം

അക്ഷരത്തെറ്റില്ലാതെ വായിക്കാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കുക.

പ്രവർത്തനങ്ങൾ (ജൂൺമാസം)

* pretest
* ചിത്ര വായന
* ചിത്രത്തിൽ എന്തെല്ലാം?
* പേരെഴുതൽ
* പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തൽ.

ചിഹ്നങ്ങൾ പരിചയപ്പെടുത്തൽ (ആ

* വ്യത്യസ്ത ചിഹ്നങ്ങൾ വരുന്ന ധാരാളം പദങ്ങൾ

* കുട്ടികൾക്ക് ചിഹ്നങ്ങൾ എഴുതിയ കാർഡ് നൽകുന്നു. ശേഷം ആ ചിഹ്നം ഉപയോഗിച്ച് എഴുതാവുന്ന വാക്കുകൾ എഴുതുന്നു.

ആഗസ്റ്റ്, സെപ്റ്റംബർ ഒക്ടോബർ

* ലഘു വായനാകാർഡ് ചിത്രത്തിന്റെ സഹായത്തോടെ തയ്യാറാക്കൽ.

* കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ഗ്രൂപ്പിനും ഓരോ ചിത്രം നൽകുന്നു. തുടർന്ന് ചിത്രത്തിന്റെ സഹായത്തോടെ ലഘു വായനാക്കാർഡ് ഉണ്ടാക്കുന്നു. ശേഷം വായനാകാർഡ് വായിക്കുന്നു.

നവംബർ - ഡിസംബർ.

* ചിത്രങ്ങൾ നോക്കി വാക്യങ്ങൾ എഴുതുന്നു. വായിക്കുന്നു.

* കുട്ടികൾക്ക് ഓരോരോ ചിത്രങ്ങൾ കാണിച്ച്. കൊണ്ട് എന്തൊക്കെ കാണുന്നു - ഓരോ വാക്യത്തിൽ എഴുതുന്നു. ശേഷം വായിക്കുന്നു.

ജനുവരി

രണ്ടാം ക്ലാസിന്റെ നിലവാരത്തിലുള്ള വായനാ കാർഡ്, മാസികൾ എന്നിവ വായിക്കുന്നു.

## ഫെബ്രുവരി

ചിത്രം നോക്കി കഥ എഴുതൽ, വായിക്കൽ.

കഥയുടെ ബാക്കി ഭാഗം കണ്ടെത്തി എഴുതൽ, തയ്യാറാക്കിയ കഥകൾ ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ നിർമ്മാണം.

അക്കാദമിക മാസ്റ്റർ പ്ലാൻ

ജി. എൽ. പി. എസ്. കൊളക്കാട്.

STD - 2 ഗണിതം

---

കുട്ടികൾക്ക് നൽകേണ്ട പ്രവർത്തനങ്ങൾ കുട്ടികൾ നേടിയ പ്രവർത്തനങ്ങളുടെ പകരമായി നൽകേണ്ടതുണ്ട്. ഭാഷ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടികളുടെ നിലവിലുള്ള അവസ്ഥ പരിഗണിച്ചാണ് ക്ലാസ്സിലെ മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത്. കൊറോണ കാലത്ത് കുട്ടികൾക്ക് നഷ്ടപ്പെട്ട ശേഷി വികാസ പ്രവർത്തനങ്ങൾ നൽകികൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്.

ക്ലാസ് പ്രതിഫലനം അവസ്ഥാ വിശകലനത്തിലൂടെ ഭാഷയിലും ഗണിതത്തിലും കണ്ടെത്തിയ കാര്യങ്ങൾ

- കുട്ടികൾക്ക് വാചികമായി ഭാഷ പ്രയോഗിക്കാനുള്ള കഴിവ് കുറവാണ്.
- ലേഖനത്തിൽ ധാരാളം തെറ്റുകൾ വരുന്നു.
- കുട്ടികളുടെ വായന മെച്ചപ്പെടേണ്ടതാണ്.
- സർഗാത്മകമായ കഴിവുകൾ വികസിപ്പിക്കുന്നതിനുതകുന്ന സർഗവേളകളിൽ പങ്കാളിത്തം കുറവാണ്.
- സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവർക്കും നേടാനായിട്ടില്ല.

# അക്കാദമിക മാസ്റ്റർ പ്ലാൻ ലക്ഷ്യങ്ങൾ

1. രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കാനുള്ള ശേഷി.
2. രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
3. ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാതെ ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
4. രണ്ടാം ക്ലാസിലെ കുട്ടികളുടെ 100 വരെയുള്ള സംഖ്യ. സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി വളർത്തുക.

| പ്രവർത്തന ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ പങ്കുവെക്കുന്നതിലും പറഞ്ഞതും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന് | ചിത്ര വായന<br>- ചിത്ര കാർഡുകൾ മാത്രം ചിത്രവും വാക്കുകളും ഉൾക്കൊണ്ടത് രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നു.<br>അവധിക്കാല വായനയ്ക്കും ഭാഷണത്തിനുമുള്ള ക്ലാസ് തല അവസരങ്ങൾ.<br>കഥ ഉണ്ടാക്കി പറയൽ<br>- കഥ പൂർത്തിയാക്കൽ<br>(പ്രായവും കഴിവുകളും)<br>- കാർഡുകളുടെ ഭാഷണത്തിനുള്ള സാധ്യത<br>രക്ഷിതാവിന്റെ സഹായത്തോടെ ചെയ്യുന്നു.<br>രക്ഷിതാക്കൾക്ക് നേരിട്ട് ഇടപെടാൻ കഴിയാത്ത കുട്ടികൾക്ക് അധ്യാപിക നേരിട്ട് പിന്തുണ നൽകുന്നു. | ജൂൺ ആദ്യ ആഴ്ച<br>ജൂൺ അവസാനം<br>ജൂലൈ ആദ്യ വാരം മുതൽ. |
| രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണം വായന ഉറപ്പാക്കുക. | ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ. | ജൂലൈ അവസാന വാരം മുതൽ. |

| | | |
|---|---|---|
| | കുട്ടികളുടെ പുസ്തക പരിചയം പരിപാടി<br>വായിച്ച കഥയെ ചിത്ര കഥകളാക്കൽ<br>വായിച്ച കഥയെ സംഭാഷണമാക്കൽ.<br>വായിച്ച കഥയെ സംബന്ധിച്ച് അതിൽ നിന്നും കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ | ഓഗസ്റ്റ് ആദ്യവാരം<br>സെപ്തംബർ ആദ്യവാരം |
| ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാതെ ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക | കുട്ടികളുടെ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം വായിച്ച പുസ്തകത്തിലെ കഥാപാത്രങ്ങളെ ചിത്രീകരിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങളാക്കൽ കഥാപൂരണം, മികവ് പഠനരീതിയുടെ സാധ്യത ഉപയോഗിച്ച് ഗ്രൂപ്പിൽ നൽകി കഥയുടെ ബാക്കി ഭാഗം അവതരിപ്പിക്കുന്നു. | സെപ്തംബർ അവസാനം. |
| രണ്ടാം ക്ലാസിലെ കുട്ടികളുടെ 100 വരെയുള്ള സംഖ്യാ ബോധം സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി വളർത്തുക | പഠന സാമഗ്രികൾ രക്ഷിതാക്കൾക്ക് പരിചയപ്പെടുത്തി അവരുടെ സഹായത്താൽ ഗണിത കിറ്റിലേക്ക് തയ്യാറാക്കുന്നു. | ഒക്ടോബർ |

ഗണിത കിറ്റിലെ പഠ
നോപകരണങ്ങൾ
(ഗ്രാഫ് ബോർഡ്, നമ്പർ
കാർഡ്, ടോക്കൺ, മഞ്ചാടി
കമ്പ്യൂട്ടർ എന്നിവ
ഗണിതാശയ ആവിഷ്ക
രണത്തിന് അധ്യാപിക
ക്ലാസിൽ ചെയ്തത്.
(ചിലപ്പോഴാ രക്ഷിതാ
ക്കളുടെ ലോകത്തിൽ
ഇടുന്ന (സമാനപ്രവർ
ത്തനങ്ങൾ രക്ഷിതാക്ക
ക്കിക്കളെ ഉപയോഗിച്ച്
ചെയ്യുന്നത്.

നാവണ്ണവർ.

# Acadamic master plan
# GLPS kolakkad
# STD II English

Aim : To speak, Read and write English without any mistakes

Time June to march

## PRETEST

To check the vocabulary and writing skills of pupils.

## June and July

- To develop listening skills and reading skills

→ Listening skills.

1. Games, Action songs
2. conversation, skit and stories.

→ speaking skills.

1. Identify the naming words from the picture
2. Identify the action words from the same pictures.

3 Make simple sentences using them.
action word and nameing words
about the picture
4 Growing sentences, picture reading
self Introduction Assembly are also
conducted
Activities
- speech, book review, quiz riddles
self indrouction etc.

Aguest and September

Develop the creative speaking and
writing, Reading skills.
1. Newpaper reading library books
reading book review reading breaking news.
2 find words
3 collect and read past tense.
4 rhyming words.
5 Text book activities.

writing skills.
1. make word web.
2 picture description with describing words.

3 word chain sentence chain

4 make words and sentences

5 make riddles conversation.

6 Add more lines

Activities - speech book review, quiz riddles

self Introduction, make description magazines etc

**october and November**

To express thought feelings etc

october and November

To express thought feelings etc

Reading skills.

1. News paper reading, library books reading book review, reading

2 conversation, skit stories Use ICT materials

3 Reads breaking news

4 develop story

5 Read notice

writing skills:

1 description

2 notice proclamation

3 Thought

Activities - speech quiz riddles, make magazines, skits etc

**December and January**

1 Develop the creative speaking and writing

writing

2 To express thoughts feelings etc

Reading skill

1 Newspaper reading, library books reading book review, reading

2 conversation, skit stories

3 Reads breaking news.

4 develop story

5 Reads diary

6 Reads letters from friends.

writing skills

1. diary

2 letter

Activities - speech quiz, riddles, make magazines, skit.

## February and march

To Improve the presention power

Reading skills.

1. News paper reading, library books reading book review reading.

2. conversation skit stories use ICT materials

3 Read s breaking news.

4 develop story

5 Reads diary

6 Reads letter s from friends

writing skills.

1. diary
2 letter
3 Announcement
4 description
5 notice proclamation
6 Thought
7 Activities speech quiz riddles make magazines.

# അക്കാദമിക മാസ്റ്റർ

# പ്ലാൻ

## ക്ലാസ് - 3

## 2025 - 2026

G.L.P.S Kolakkad

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ്സ് (1)

ആമുഖം:-

മൂന്നാം ക്ലാസിലെ കുട്ടി എന്നത് ഒന്ന്, രണ്ട് ക്ലാസ്സിലെ അറിവുകൾ സ്വായത്തമാക്കി വ്യക്തമായ ധാരണയോടുകൂടി വിജയം കൈവരിച്ചവരാണ്. ആയതിനാൽ കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗത പ്രവർത്തനങ്ങൾക്ക് തന്നെയാണ് കൂടുതൽ സാധ്യത ഒരുക്കേണ്ടിയിരിക്കുന്നത്. ഭാഷ, പരിസരപഠനം, ഗണിതം, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾക്ക് പ്രാധാന്യം നൽകുന്ന കർമ്മപദ്ധതി രൂപകൽപ്പന ചെയ്യേണ്ടതുണ്ട്. കുട്ടികളിൽ തുല്യതയും ഉന്നനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കാൻ ഈ ദൗത്യം കൊണ്ട് സാധിക്കേണ്ടതാണ്.

## ലക്ഷ്യങ്ങൾ

- ഗണിത പഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിത ശേഷികൾ ഉറപ്പാക്കുക.
- മുഴുവൻ കുട്ടികളെയും മികച്ച പ്രശ്നപരിഹാരശേഷി ഉള്ളവരാക്കി മാറ്റുക.
- മലയാളത്തിലും ഇംഗ്ലീഷിലും മുഴുവൻ കുട്ടികൾക്കും അക്ഷരജ്ഞാനത്തോടെ വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക.
- പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തുക.
- ആധുനിക കാലഘട്ടത്തിൽ ജീവിതത്തിനാവശ്യമായ സാങ്കേതിക പരിജ്ഞാനം നൽകി മുഴുവൻ കുട്ടികളെയും അറിവ് നിർമ്മാണത്തിൽ കഴിവുള്ളവരാക്കുക.
- എല്ലാ വിഭാഗം കുട്ടികളെയും പരിഗണിച്ചുകൊണ്ട് പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.

ഗണിതം

## ലക്ഷ്യം

- 3 അക്ക സംഖ്യകൾ കൈകാര്യം ചെയ്യാൻ അറിയുക.

## പ്രവർത്തനങ്ങൾ

### ഇന്ന്

- രണ്ടക്ക സംഖ്യകൾ വായിക്കാനും എഴുതാനും വേണ്ട പ്രവർത്തനങ്ങൾ.
- രണ്ടക്ക സംഖ്യയെ വിവിധ രീതിയിൽ വ്യാഖ്യാനിക്കൽ
- രണ്ടക്ക സംഖ്യകൾ ഉപയോഗിച്ചുള്ള സങ്കലന വ്യവകലന ക്രിയകൾ.

### നാളെ

- പണം നിക്ഷേപിക്കുന്ന പ്രവർത്തനം.
- ക്ലാസിൽ ഒരു കട പ്രവർത്തനങ്ങൾ.
- പട്ടിക പൂർത്തിയാക്കൽ
- മൂന്നക്ക സംഖ്യകളുടെ വ്യാഖ്യാനം. 100 മുതൽ 200 വരെ
- 100 വീതം കൂട്ടി 1000 വരെ എഴുതുന്നു.

## ആഗസ്റ്റ്

- ഒരു മൂന്നക്ക സംഖ്യയുടെ മുൻപിൽ സംഖ്യകൾ എഴുതൽ.
- ഗണിത വിജയം പ്രവർത്തനങ്ങൾ [illegible] സജ്ജമാക്കൽ.

## സെപ്റ്റംബർ

- ഗണിതശിൽപശാല, മഞ്ചാടി, ഇട്ടർകിൻ അറിവ് ഉപയോഗിച്ച്. 3 അക്ക സംഖ്യ കൂട്ടങ്ങൾ.

## ഒക്ടോബർ

- 3 അക്കമുള്ള സംഖ്യകൾ വ്യാഖ്യാനിക്കുന്നു.
- ഗണിത വിജയ പ്രവർത്തനങ്ങൾ സജ്ജമാക്കൽ.
- കൂടുതൽ ഗണിത നഗങ്ങൾ ഉപയോഗിക്കൽ
- Work sheet പ്രവർത്തനങ്ങൾക്ക് സാധ്യതയൊരുക്കൽ.
- ഗണിതാശയ രൂപീകരണങ്ങൾ നടത്തുന്നു.

## നവംബർ

- 3 അക്ക സംഖ്യകൾ (അബാക്കസ്, കളിനോട്ട്) സ്ഥാനവിലയിൽ അറിവ് വർദ്ധിപ്പിക്കൽ.

## ഡിസംബർ

- അക്കങ്ങൾ ആവർത്തിക്കാതെ വ്യത്യസ്ത 3 അക്ക സംഖ്യകൾ ഉണ്ടാക്കൽ
- കളിനോട്ടുകളുടെ ഉപയോഗം കൂടുതൽ ഉപകാരപ്പെടുത്തൽ

## ജനുവരി

- സംഖ്യാ കൂട്ടങ്ങളിൽ നിന്ന് വലിയ സംഖ്യ, ചെറിയ സംഖ്യ എന്നിവ കണ്ടെത്തുന്നു.
- ഗണിത കേളികളിൽ ഏർപ്പെടുന്നു.
- ചതുഷ്ക്രിയാ പ്രവർത്തനങ്ങൾ ഉറപ്പാക്കൽ

## ഫെബ്രുവരി

- 3 അക്ക സംഖ്യകൾ ആരോഹണക്രമത്തിൽ എഴുതുന്നു.
- ഗുണനിലവാര പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തൽ

## മാർച്ച്

- 3 അക്ക സംഖ്യകൾ ഉപയോഗിച്ചുള്ള പ്രശ്നപരിഹാര പ്രവർത്തനങ്ങൾ.
- ജീവിത ഗണിതം പ്രോജക്ടുകൾ സംഘടിപ്പിക്കുന്നു.

## പരിസരപഠനം

ആമുഖം:-

കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗത പ്രവർത്തനങ്ങളിൽ ആണ് കൂടുതൽ സാധ്യത ഉള്ളതെന്ന്. പരിസര പഠന പ്രവർത്തനങ്ങളിൽ പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെട്ട് കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തേണ്ടത് നമ്മുടെ കടമയാണ്. സഹജീവി സ്നേഹം, അറിവ്, ആർദ്രത, അനുകമ്പ, ദയ എന്നിങ്ങനെയുള്ള മനോഭാവങ്ങൾ വളർത്തി കുട്ടികളെ ഉത്തമ പൗരന്മാരായി മാറ്റുക.

### ലക്ഷ്യം.

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
- കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവുമുള്ളവരാക്കി മാറ്റുക.
- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക.
- പരീക്ഷണ നിരീക്ഷണ പ്രവർത്തനത്തിലേർപ്പെടൽ.

## ജൂൺ - ജൂലൈ

- പരിസ്ഥിതി നിരീക്ഷണം
- സ്കൂൾ പരിസര നിരീക്ഷണം.
- സസ്യങ്ങൾ നടൽ
- പരിസ്ഥിതി ദിന ക്വിസ് മത്സരം.
- പരിസര മലിനീകരണം ചർച്ച.

## ജൂലൈ - സെപ്തംബർ

- ദിനകൃത്യങ്ങൾ.
- ഓരോ ദിവസും പ്രഭാത കൃത്യങ്ങൾ കഴിഞ്ഞ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.
- നല്ല ആരോഗ്യ ശീലങ്ങൾ പോസ്റ്ററുകൾ തയ്യാറാക്കുന്നു.
- ക്ലാസ് റൂമിൽ പ്രദർശിപ്പിക്കുന്നു.

## ഒക്ടോബർ- ഡിസംബർ.

- ഫീൽഡ് ട്രിപ്പ്.
- നമ്മുടെ നാടിന്റെ പരിസ്ഥിതിയെ അറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. (കുളം/തോട്/വയൽ)
- പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കുന്നു.

## ജനുവരി- മാർച്ച്

- ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.
- മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു.
- പക്ഷി നിരീക്ഷണം.
- പച്ചക്കറിതോട്ടത്തിൽ കിളികൾക്ക് ദാഹജലം സജ്ജീകരണം.

# മലയാളം

**ആമുഖം:-**

കുട്ടികളുടെ സമഗ്ര വികസനം ആണ് ഓരോ രക്ഷിതാവും ആഗ്രഹിക്കുന്നത്. കുട്ടികളുടെ ശാരീരികവും മാനസികവും വൈജ്ഞാനികവുമായ നേട്ടങ്ങൾ കൈ വരിക്കുന്നതിന് ആവശ്യമായ ഇടപെടലുകളാണ് നാം ലക്ഷ്യമിടുന്നത്. ഈ വർഷം ജൂൺ മുതൽ അടുത്ത മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും വിവിധ സാധ്യതയുള്ളതുമായ പദ്ധതികളാണ് ഇവിടെ ആസൂത്രണം ചെയ്യുന്നത്.

## ലക്ഷ്യം

- ക്ലാസിലെ മുഴുവൻ കുട്ടികളെയും തെറ്റില്ലാതെ വായിക്കാനും എഴുതുവാനും പഠിപ്പിക്കൽ.
- ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ

## പ്രവർത്തനങ്ങൾ

### ജൂൺ

- വിവിധ നിലവാരങ്ങളെ കണ്ടെത്തുന്നു.
- പ്രത്യേക പരിഗണന ആവശ്യമായി വരുന്ന കുട്ടികൾക്ക് നൽകാവുന്ന പ്രവർത്തനങ്ങൾ കണ്ടെത്തുന്നു.

### ജൂലൈ

- ചിത്രങ്ങൾ, വീഡിയോ മുതലായവ ICT ഉപയോഗപ്പെടുത്തി കാണിക്കുന്നു.
- കണ്ട കാര്യങ്ങൾ പറയുവാൻ അവസരം നൽകുന്നു.
- പദസൂര്യൻ നിർമ്മാണം.
- മറ്റ് പദങ്ങൾ കണ്ടെത്തി എഴുതൽ.

### ഓഗസ്റ്റ്

- ICT ഉപയോഗിച്ച് കഥകളും കവിതകളും കാണാനും കേൾക്കാനും അവസരം ഒരുക്കുന്നു.
- വാക്യങ്ങൾ എഴുതുന്നു.

## സെപ്റ്റംബർ

- കഥ അവതരിപ്പിക്കുന്നു.
- ചോദ്യങ്ങൾ ഉത്തരങ്ങൾ കണ്ടെത്തുന്നു.
- കഥയിലെ കഥാപാത്രങ്ങളുടെ പേര് എഴുതുന്നു.
  ചിത്രം വരയ്ക്കുന്നു.

## ഒക്ടോബർ

- വളരുന്ന വാക്യങ്ങൾ രൂപപ്പെടുത്തൽ.
- ചിത്രം നോക്കി പേരെഴുതൽ
  "മല വലിയ മല, മരങ്ങളുള്ള വലിയ മല"
- ഇതുപോലെയുള്ള മറ്റ് വാക്യങ്ങൾ സ്വയം കണ്ടെത്തി എഴുതൽ.

## നവംബർ

- ചിഹ്നങ്ങൾ ഉറപ്പിക്കൽ
- ICT ഉപയോഗിച്ച് ചിത്രം കാണിക്കുന്നു. വാക്യങ്ങൾ എഴുതൽ.
- പരിചിതമായ വാക്യങ്ങൾ, ചിഹ്നങ്ങൾ ഇല്ലാതെ നൽകൽ
- ഉചിതമായ ചിഹ്നങ്ങൾ ചേർക്കാൻ അവസരം നൽകുന്നു.

## ഡിസംബർ

- ലഘുവായ വായനാ കാർഡുകൾ അധ്യാപികയുടെ സഹായത്തോടെ വായിക്കൽ
- സ്വയം വായിക്കാനുള്ള അവസരം നൽകൽ
- കടംകഥ മത്സരങ്ങൾ നടത്തൽ.

## ജനുവരി

- കുട്ടികൾക്ക് കഥകൾ വായിക്കുവാൻ അവസരം ഒരുക്കുന്നു.
- കഥയിലെ കഥാപാത്രങ്ങൾ ആരൊക്കെയെന്ന് പറയുവാൻ അവസരം നൽകുന്നു.
- ചെറിയ ചെറിയ വാക്യങ്ങൾ ഉപയോഗിച്ച് കഥ സ്വയം നിർമ്മിക്കുന്നു.

## ഫെബ്രുവരി

- കഥാചിത്രങ്ങൾ ICT ഉപയോഗിച്ച് കാണിക്കുന്നു.
- ചിത്രങ്ങളെ അടിസ്ഥാനമാക്കി കുട്ടികൾ കഥ പറയുന്നു.
- കഥാ പതിപ്പ് തയാറാക്കുന്നു.

## മാർച്ച്

- CPTA നടത്തുന്നു.
- വായനയിലും എഴുത്തിലുമുള്ള കുട്ടികളുടെ നിലവാരം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- മികവുകൾ പരിചയപ്പെടുത്തുന്നു.
- അവതരിപ്പിക്കുന്നു.

Standard : II 2023-24

# English Masterplan

Aim:-

- To Speak, read and write english with out any mistakes.

June to March

To check the Vocabulary and writing Skills of pupils.

Activities.

June and July

- Pre test
- To develop listening skills and reading skills.

Listening Skills.

- Games, Action Songs.
- Hello english activities
- conversations.

- Skit Stories, use ICT

## Speaking Skills.

- Identifying the naming words from the picture
- Identify the action words from the same picture
- make the simple sentences using the action word about the picture.
- make simple description about the picture
- Growing Sentances picture reading self introductions

## August and September

→ Develop the creative speaking and writing.

## Reading Skills

→ Books reading
- find words
- Rhyming words
- T.B activities.

Writing Skills

- Make word web
- Picture discription
- word chain
- make words and Sentances
- make riddles, Conversations
- Add more lines

October and November

- To express thoughts, feelings etc..

Reading Skills

- Library book reading
- Conversations, skit, stories use ICT
- Develop story
- reades diary

Writing Skills

- Diary
- Announcement.

# February and March

- To improve the presentation power.

## Reading Skills

- Library books reading
- conversations, skit, stories
- Develop story.

## writing Skills:

- Diary
- Descriptions
- Thoughts
- Exhibition.

# ഗവ. എൽ. പി സ്കൂൾ
# കൊളക്കാട്

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 2026

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് - I

## 2025 - 2026

STD I

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന, മറ്റ് അക്കാദമികമായ നേട്ടങ്ങൾ എന്നതിന് ഒപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്.

## ലക്ഷ്യം

- അക്ഷരങ്ങൾ തെറ്റാതെ വായിക്കാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കുക
- ഒറ്റ സംഖ്യയും ഇരട്ട സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനും കഴിവ് നേടുക
- കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസവും കഴിവുകളും ഉറപ്പാക്കുക.
- തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാക്കുക.

| Sl No. | Programme | Activity | Duration |
| --- | --- | --- | --- |
| 1. | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | 1. അക്ഷരം ഉറപ്പിക്കൽ<br>2. അടയാളം ഉറപ്പിക്കൽ<br>3. അക്ഷരകാർഡ് നൽകൽ<br>4. വാക്കുകൾ എഴുതിയ കാർഡ്<br>5. വാക്കുകൾ നിർമ്മിക്കുക<br>6. വാക്യങ്ങൾ നിർമ്മിക്കുക<br>7. ചിത്രം - അടിക്കുറിപ്പ്<br>8. ചിത്രം - കഥ പറയൽ<br>9. ചിത്രം - കഥ എഴുതൽ<br>10. കഥാചിത്രങ്ങൾ നൽകൽ | 2 Months<br>August-September |
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. വായനാമൂല, ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ<br>2. വായനോത്സവം സംഘടിപ്പിക്കൽ<br>3. പത്രവായന<br>4. അമ്മ വായന<br>5. വായനാനുഭവം പങ്കുവയ്ക്കൽ<br>6. വായനാക്കുറിപ്പ്<br>7. ദിനാചരണങ്ങൾ<br>8. ഇ-വായന | 6 Months |

| Sl No. | Programme | Activity | Duration |
|---|---|---|---|
| 3. | കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ലൈബ്രറി കൂട്ട രൂപീകരണം<br>2. പുസ്തക ചർച്ച<br>3. ക്ലാസ്സ് ലൈബ്രറി<br>4. ആസ്വാദനക്കുറിപ്പ്<br>5. ചുവർപത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. വായനാക്കുറിപ്പ്<br>7. പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>8. വ്യക്തിഗത വായന<br>9. ഭാഷാ പ്രോജക്ട്<br>10. രചയിതാക്കളെ പരിചയപ്പെടൽ | 6 Months |

# STD - 1

## അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗണിതം

### ആമുഖം

ഒന്നാം ക്ലാസിൽ നിന്ന് തന്നെ ഗണന പ്രവർത്തനങ്ങൾ രസകരമായി കുട്ടി നേടിയെടുക്കേണ്ടിയുണ്ട്. ഗണിത പ്രവർത്തനങ്ങൾ ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ്. ഗണിതം പാട്ടിലൂടെയും ആസ്വാദ്യകരമാക്കാവുന്നതാണ്. പലതരത്തിൽ ഗണിതാശയങ്ങൾ നേടിയെടുക്കാൻ സാധ്യമാക്കുന്ന തരത്തിൽ തന്നെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത്.

### ലക്ഷ്യങ്ങൾ

* ഒന്ന് മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു. ഉപയോഗിക്കുന്നു
* 5 വരെയുള്ള എണ്ണത്തെ പങ്കിടൽ, തുല്യം. കൂടുതൽ, കുറവ് എന്നിവ വിശദീകരിക്കുന്നു
* Five frame ൽ ഗണിതക്രിയകൾ ചിത്രീകരിക്കുന്നു.
* ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ശേഖരിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.

* 1 മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതാനും വായിക്കുകയും ചെയ്യുന്നു.
* ഒറ്റ സംഖ്യകൾ എണ്ണിയെടുക്കാനും എഴുതാനും വായിക്കാനും കഴിയുന്നു.
* ആരോഹണക്രമം, അവരോഹണ ക്രമം അറിയൽ
* രണ്ട് ഒറ്റസംഖ്യകളുടെ സങ്കലനം, വ്യവകലനം.
* ഒറ്റ സംഖ്യകളുടെ വ്യത്യാസം

ആഗസ്റ്റ്

* 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ
* വലിയ, ചെറിയ സംഖ്യ തിരിച്ചറിയൽ
* കൂടുതൽ, കുറവ് തിരിച്ചറിയൽ

സെപ്റ്റംബർ

* സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ
* ഒറ്റ സംഖ്യകൾ തമ്മിൽ സങ്കലന, വ്യവകലന ക്രിയകളിൽ ഏർപ്പെടൽ
* ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിക്കൽ

ഒക്ടോബർ

* ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ

  1 2 3 4 5 6 7 8 9 10
* വലിയ, ചെറിയ സംഖ്യ തിരിച്ചറിയൽ, ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ

## നവംബർ

* സംഖ്യാഗാനങ്ങൾ പാടുന്നു
* ഗണിത പ്രവർത്തനത്തിന് work sheet നൽകൽ
* ഒരക്കസംഖ്യ, രണ്ടക്കസംഖ്യ തമ്മിൽ സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടൽ

  10 + 1 = 11
  10 + 2 = 12
  10 + 3 = 13
  10 + 4 = 14
  10 + 5 = 15

## ഡിസംബർ

* ആരോഹണം, അവരോഹണം ക്രമീകരണം.
* ഗണിത ആൽബം തയ്യാറാക്കൽ
* My number book തയ്യാറാക്കൽ
* സംഖ്യയെ സുന്ദരിയാക്കൽ

## ജനുവരി

* ഒരക്ക സംഖ്യ, രണ്ടക്ക സംഖ്യ തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ

  10 − 1 = 9
  10 − 2 = 8
  10 − 3 = 7
  10 − 4 = 6
  10 − 5 = 5

* സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ (+, −)

## മാർച്ച്

* ഗണിതാശയങ്ങൾ ഉൾപ്പെടുത്തി വിവിധ തരം worksheet കൾ നൽകൽ
* ലളിതമായ ഗണിത ക്രിയകൾ
* ഉല്ലാസഗണിതം പ്രവർത്തനങ്ങളിൽ ഏർപ്പെടൽ Materials ഉപയോഗിച്ച് ഗണിതകേളികളിൽ ഏർപ്പെടൽ. ICT ഉപയോഗം
* ഗണിതകിറ്റ് പ്രവർത്തനങ്ങൾ ചെയ്യൽ
* സംഖ്യകളുടെ പങ്കിടൽ. തുല്യം തിരിച്ചറിയൽ പ്രവർത്തനങ്ങൾ ഗണിതകിറ്റിലൂടെ സാധ്യമാക്കൽ.

# അക്കാദമിക മാസ്റ്റർ പ്ലാൻ

# ക്ലാസ് - 4

# 2025 - 2026

# അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ് IV

## മലയാളം

### ആമുഖം

2025-26 അധ്യയനവർഷത്തിൽ നാലാം ക്ലാസിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും തുല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തെ മുൻനിർത്തി ഗവൺമെന്റ് എൽ പി സ്കൂൾ കൊളക്കാട് നാലാം തരത്തിലെ വിദ്യാർത്ഥികൾക്കായി ഭാഷാപഠനം മെച്ചപ്പെടുത്തുക എന്ന ആവശ്യകതയിലൂന്നി തയാറാക്കിയ കർമ്മപദ്ധതിയുടെ രൂപരേഖയാണിത്. "വായിച്ചു വളരുക ചിന്തിച്ച് വിവേകം നേടുക" എന്ന വരികൾ ഉദ്ബോധിപ്പിച്ചു കൊണ്ട് കുട്ടികളെ എഴുത്തിന്റെയും വായനയുടെയും നവ്യാനുഭവങ്ങളിലേക്ക് ഉയർത്തിക്കൊണ്ടുവരാൻ ഉതകുന്ന പ്രവർത്തനങ്ങൾ ഈ പദ്ധതി രൂപരേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### ലക്ഷ്യങ്ങൾ

→ എല്ലാവർക്കും എഴുത്തും വായനയും
→ അമ്മ വായന
→ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
→ വായനക്കൂട്ടം, എഴുത്തുകൂട്ടം
→ വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
→ മലയാളത്തിലെ വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടൽ
→ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക.
→ സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം എന്നിവ സംഘടിപ്പിക്കൽ

ശരിയായ ഭാഷയിൽ എഴുതുന്നതിനും കൂട്ടുകാരോട് സംഭാഷണം നടത്തുന്നതിനും ഉചിതമായ സന്ദർഭങ്ങളിൽ ചിഹ്നവിരാമങ്ങൾ ശരിയായി പ്രയോഗിക്കുന്നതിനുമുള്ള പ്രാപ്തി നേടുക എന്ന ലക്ഷ്യത്തെ മുൻനിർത്തി രൂപകൽപ്പന ചെയ്തിരിക്കുന്നവയാണ് ഇതിലെ പ്രവർത്തനങ്ങൾ.

# അക്കാദമിക മാസ്റ്റർ പ്ലാൻ - മലയാളം

| Sl No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | → പ്രീ-ടെസ്റ്റ് നടത്തുന്നു.<br>→ അക്ഷരം ഉറപ്പിക്കൽ<br>ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു.<br>→ അടയാളങ്ങൾ ഉറപ്പിക്കൽ<br>ചിത്രസഹായത്തോടെ അടയാളങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ (ICT സാധ്യതയോടെ)<br>→ അക്ഷരക്കാർഡ്, വാക്കുകൾ എഴുതിയ കാർഡ് അക്ഷരക്കാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ.<br>→ ചിത്രം - അടിക്കുറിപ്പ് (ICT)<br>ചിത്രം നൽകൽ അടിക്കുറിപ്പ് പറയിക്കൽ അധ്യാപികയുടെ സഹായത്തോടെ എഴുതൽ<br>→ കഥ - ബാക്കി പറയൽ എഴുതൽ<br>ഒരു കഥയുടെ കുറച്ചുഭാഗം നൽകി ബാക്കി പറയിപ്പിക്കുന്നു, എഴുതുന്നു.<br>→ CD പ്രദർശനം<br>ചിത്രങ്ങൾ അടങ്ങിയ CD പ്രദർശിപ്പിക്കുന്നു<br>- ഓരോ ചിത്രത്തെയും കുറിച്ച് പറയാൻ അവസരം - എഴുതാൻ അവസരം.<br>→ ഭിന്നശേഷിക്കാരെ പരിഗണിക്കൽ<br>IED അധ്യാപകരുടെ സേവനത്തോടെ പ്രത്യേക പ്രവർത്തന പരിശീലനം നൽകുന്നു.<br>→ ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക കോച്ചിംഗ് ക്ലാസ്. | 1 മാസം (ജൂൺ)<br><br>ജൂലായ് പകുതിമുതൽ ആഗസ്റ്റ് വരെ |
| 2 | വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ വായന പരിപോഷിപ്പിക്കൽ | → ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ<br>ക്ലാസിലെ മുഴുവൻ കുട്ടികളെയും 4 പേർ വീതമുള്ള [illegible] ഗ്രൂപ്പുകളാക്കുന്നു.<br>പാഠഭാഗത്ത് പരാമർശിക്കുന്ന പുസ്തകങ്ങൾ പ്രധാന സാഹിത്യകൃതികൾ എന്നിവ സ്കൂൾ ലൈബ്രറിയിൽ നിന്ന് തിരഞ്ഞെടുത്ത് ഗ്രൂപ്പിൽ വായനാക്കുറിപ്പ് | |

* ഗ്രാഫിൽ ഡയഗ്രം വരയ്ക്കൽ
* ജ്യാമിതീയ രൂപങ്ങളുടെ വൈവിധ്യപൂർണ്ണമായ നിർമ്മാണങ്ങൾ കൊണ്ട് എക്സിബിഷൻ നടത്തൽ

നവംബർ

* സംഖ്യകൾ ആവർത്തിച്ചു കൂട്ടേണ്ടി വരുന്ന സന്ദർഭങ്ങൾ കണ്ടെത്തൽ
* സംഖ്യകളുടെ എണ്ണം കൊണ്ട് ഗുണിക്കൽ
* ഗുണനക്രിയകൾ ചെയ്യൽ
* സംഖ്യകൾ ഗുണിക്കുന്നതിന് വ്യത്യസ്തമാർഗങ്ങൾ കണ്ടെത്തൽ
* ഐ.ടി മാത്സ് ജിയോജിബ്ര പരിചയപ്പെടൽ

ഡിസംബർ

* ഹരണത്തിന്റെ വിവിധ രീതികൾ കണ്ടെത്തൽ
* പ്രശ്നപരിഹരണ ക്രിയയിലൂടെ നിർധാരണം ചെയ്യൽ
* പാറ്റേണുകൾ കണ്ടെത്തൽ
* പകുതിയും കാൽഭാഗവും കണ്ടെത്തൽ
* $\frac{1}{2}$ 1/4 എന്നിവ കണ്ടെത്തൽ
* വിവിധ ജ്യാമിതീയ രൂപങ്ങളിൽ 1/2, 1/4 എന്നിവ കണ്ടെത്തൽ
* രണ്ടാം CSO ഇവാല്യുവേഷൻ

ജനുവരി

* നീളം അളക്കുന്നതിനുള്ള ഏകകം കണ്ടെത്തൽ
* ചെറിയ യൂണിറ്റുകൾ അളന്ന് കണ്ടെത്തുന്നു
* മീറ്റർ, ടൺ എന്നീ യൂണിറ്റുകളെ തിരിച്ചറിയുന്നു
* അളവ് പാത്രങ്ങൾ, അളക്കുന്നതിനുള്ള ഉപകരണങ്ങൾ എന്നിവ നിർമ്മാണം, പ്രദർശനം, കളികളിൽ ഏർപ്പെടൽ

## ഫെബ്രുവരി

* വിവരശേഖരണം നടത്തൽ
* പട്ടിക വിശകലനം ചെയ്തു നിഗമനത്തിൽ എത്തൽ
* ചിത്രങ്ങളും വരകളും ഉപയോഗിച്ച് വിവരങ്ങൾ അവതരിപ്പിക്കൽ
* ചിത്രങ്ങളിലൂടെ വിവരശേഖരണങ്ങൾ നടത്തൽ
* ഐ.ടി ഡാറ്റ കളക്ഷൻ ഗെയിംസ്.

## മാർച്ച്

* പതിനായിരത്തിന് അപ്പുറമുള്ള അക്കങ്ങൾ അക്ഷരത്തിലും അക്കത്തിലും എഴുതൽ
* റിവിഷൻ
* മോഡൽ പരീക്ഷകൾ
* പഠനമികവുകൾ പ്രദർശിപ്പിക്കൽ
* വാർഷിക പരീക്ഷ
* അവധിക്കാല പ്രവർത്തനങ്ങൾ നൽകൽ

തയാറാക്കൽ - ക്ലാസ് അസംബ്ലി ചേർന്ന് അവതരിപ്പിക്കൽ

→ ക്ലാസ് ലൈബ്രറി രൂപീകരിക്കൽ

കുട്ടികളുടെ സഹായത്തോടെ വായനയ്ക്ക് സഹായകമായ പുസ്തകങ്ങൾ ശേഖരിക്കൽ (പിറന്നാൾ ദിനം സമ്മാനമായി പുസ്തകം നൽകൽ, സമൂഹത്തിലെ വ്യക്തികളിൽ നിന്ന് ശേഖരണം etc)

ലൈബ്രറി സജ്ജീകരണം

→ വായനോത്സവം സംഘടിപ്പിക്കൽ — സെപ്തംബർ മുതൽ നവംബർ വരെ.

കുട്ടികളുടെ കൂട്ടായ്മ രൂപീകരിച്ച് അതിൽ ഓരോ കുട്ടിയും സ്വയം പുസ്തകമായി അനുഭവം പങ്കിടൽ, വായനാക്കുറിപ്പ് അവതരിപ്പിക്കൽ, ആസ്വാദനക്കുറിപ്പ് പ്രകാശനം, അധ്യാപിക പുസ്തകം പരിചയപ്പെടുത്തുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട കൃതികളുടെ ആവിഷ്കാരം, നാടകം, എന്നിവ അവതരിപ്പിക്കാൻ അവസരം നൽകൽ

→ പത്രവായന

വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ, പത്രക്വിസ്, വാർത്ത തയാറാക്കൽ എന്നിവയ്ക്ക് അവസരം.

→ അമ്മ വായന

സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തിരഞ്ഞെടുക്കാനവസരം കുട്ടികളുമായി ചേർന്ന് വായനാക്കുറിപ്പ് തയാറാക്കൽ, ക്ലാസ് തലത്തിൽ അമ്മ സാഹിത്യസമാജം രൂപീകരിക്കൽ, സമാജത്തിൽ മികച്ച കുറിപ്പ് കണ്ടെത്തൽ - പ്രോത്സാഹനം

→ വായനാനുഭവം പങ്കുവെയ്ക്കൽ

വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, സ്കൂൾ അധ്യാപകർ എന്നിവർ ക്ലാസ് പിടിഎ യോഗത്തിൽ പുസ്തക ചർച്ച നടത്തി വായനാനുഭവം പങ്കുവെയ്ക്കുന്നു.

| | | | |
|---|---|---|---|
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. ലേഖനം പരിപോഷിപ്പിക്കൽ | → എഴുത്തുകൂട്ട രൂപീകരണം<br>കുട്ടികളുടെ ~~4~~ മികവുള്ള ~~ര~~ സൃഷ്ടികളുണ്ടാകുന്നു. സൃഷ്ടികളിൽ കഥ, കവിത എന്നിവ വ്യക്തിഗതമായും സംഘപ്രവർത്തനങ്ങളിലൂടെയും രചിക്കാൻ അവസരം. ക്ലാസ്സ് സർഗവേളയിൽ അവതരണം<br>→ ചുവർപത്രിക, പതിപ്പ് തയ്യാറാക്കൽ, പ്രകാശനം (സർഗശേഷി പരിപോഷിപ്പിക്കൽ ക്ലാസ്സ്തലത്തിൽ)<br>→ വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് പതിപ്പ്<br>പഠനപ്രവർത്തനങ്ങളുമായും വായിച്ച പുസ്തകങ്ങളുമായും ബന്ധപ്പെട്ട വായനാക്കുറിപ്പും ആസ്വാദനക്കുറിപ്പും തയ്യാറാക്കൽ - പതിപ്പ് നിർമ്മാണം - പ്രകാശനം. | ഡിസംബർ - മുതൽ മാർച്ച് വരെ |

# Academic Master plan class IV ENGLISH

## Aim

To speak, read and write English without any mistakes

## June, July, August

→ June First week — Pre test
→ To develop listening skills and reading skills first.

* Listening skills
  Games, Action songs, Hello English activities, conversations, skit stories use of ICT.
* Speaking skills
  Descriptions, growing sentences, picture reading, picture descriptions, self introduction, quiz, riddles etc.

## August, September

* Reading skills
  News paper reading, library books reading, reading breaking news, collect and read rhyming words, describing words etc.

## October, November, December

Make word web, picture description, word chain, sentence chain, make riddles, conversations, add more lines, description, notice, diary etc.

| LEARNING OUTCOMES | ACTIVITIES | ACTIVITY DETAILS | DURATION |
|---|---|---|---|
| * Describes the pictures | picture description | → Teacher shows a picture<br>→ Discussion<br>→ The children talk about the picture<br>Slow learners<br>Gives opportunity to express their ideas in malayalam. | June to August |
| * Arranges words in alphabetical order | Dictionary | → Introducing the dictionary<br>→ Gives words<br>→ Arranging words in alphabetical order. | July to march |
| * Identifies rhyming words from the poem | Rhyming words | → plays the audio of song<br>→ Let the learner sing after the audio<br>→ Discussion<br>→ Identifies rhyming words | July to september. |
| * "Adds more exchanges to the Conversation suitable to the context" | conversation | → Reading the conversation<br>→ Conversation is acting with friends.<br>→ Adds more exchanges to the conversation<br>slow learners<br>Gives opportunity to express their ideas in malayalam. | |

| | | | |
|---|---|---|---|
| * Adds lines to a poem following a set pattern | Add more lines | → Plays the audio of song<br>→ Let the learner sing after the audio<br>→ Adds lines to the poem | July December. |
| * Reads and understands the given stories and poems. | Lets read | → Provides the opportunity to read simple stories and poems<br>→ They tell the story they read. | December to march. |
| * Makes simple riddles | Riddles | → Gives children the opportunity to hear and answer simple riddles<br>→ Makes simple riddles.<br>Slow learners.<br>Gives opportunity to express their idea in Malayalam. | August to March. |
| * Undertakes simple project work given | Project works | → Gives instructions<br>→ Data collection<br>→ Codifying | October to march. |

# അക്കാദമിക മാസ്റ്റർ പ്ലാൻ

പരിസരപഠനം
ക്ലാസ് IV

## ആമുഖം

സാമൂഹിക ജീവിതത്തിൽ ഫലപ്രദമായി ഇടപെട്ട് കൊണ്ട് മാത്രമേ മഹത്തായ നാളെയെ സൃഷ്ടിക്കാനാകൂ. പരിസരപഠനത്തിൽ ശാസ്ത്രപഠനവും സാമൂഹ്യശാസ്ത്രപഠനവും ഊടും പാവും പോലെ പരസ്പരബന്ധിതമാണ്. സാമൂഹികവും ശാസ്ത്രീയവുമായ സമീപനത്തിൽ അധിഷ്ഠിതമായി ചുറ്റുപാടിനെ പുനർനിർമ്മിക്കുകയും അതിനുള്ള കഴിവ് വികസിപ്പിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ മനുഷ്യന് മുന്നോട്ട് പോകാൻ കഴിയുകയുള്ളൂ. സമൂഹത്തിൽ തന്റെ സ്ഥാനമെന്തെന്ന് തിരിച്ചറിയുകയും മനുഷ്യൻ ചുറ്റുപാടുകളിൽ നടത്തിയ ഇടപെടലുകൾ സമൂഹത്തിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാക്കി എന്ന് തിരിച്ചറിയുകയും മനുഷ്യനും മനുഷ്യനും തമ്മിലും, മനുഷ്യനും സമൂഹവും തമ്മിലും മനുഷ്യനും പ്രകൃതിയും തമ്മിലും ഉള്ള ബന്ധം തിരിച്ചറിഞ്ഞ് നാളേക്ക് മുതൽക്കൂട്ടാകാൻ കുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിരിക്കുന്നത്.

## ലക്ഷ്യങ്ങൾ

* പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിയുക
* ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ കഴിയുക.
* ശാസ്ത്രത്തിനും സാമൂഹികനന്മയ്ക്കും വേണ്ടി ജീവിതം സമർപ്പിച്ചവരോട് ആദരവ് പുലർത്തുക.
* പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തുക.
* പ്രകൃതിയിലെ ജീവജാലങ്ങളെ സംരക്ഷിക്കാനുള്ള മനോഭാവം വളർത്തുക.
* നാടിന്റെ നേട്ടങ്ങളിൽ അഭിമാനിക്കുക, പങ്കാളികളാകുക.
* പ്രകൃതി പ്രതിഭാസങ്ങളെ വിശകലനം ചെയ്യുക.
* ശാസ്ത്രകൗതുകം വളർത്താൻ ഉതകും വിധം ശാസ്ത്രപരീക്ഷണങ്ങളിൽ സ്വയം ഏർപ്പെടുകയും പരീക്ഷണക്കുറിപ്പുകൾ തയാറാക്കുകയും ചെയ്യുക.

## ജൂൺ, ജൂലായ്, ആഗസ്റ്റ്

→ ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ, പോസ്റ്റർ നൽകൽ, നിരീക്ഷണം, ഡയറി എഴുതൽ

→ ICT സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ജീവികളുടെ പാരമ്പര്യം ശേഖരം കണ്ടെത്തി പ്രസ്താവിക്കൽ

→ ആവാസവ്യവസ്ഥകൾ തിരിച്ചറിയൽ – Field Trip

→ ചുറ്റുപാടുമുള്ള ജീവജാലങ്ങളെ തിരിച്ചറിഞ്ഞ് അവയുടെ സവിശേഷതകൾ മനസ്സിലാക്കി വർഗ്ഗീകരിക്കൽ

→ ജലസസ്യങ്ങളുടെ പ്രത്യേകതകൾ മനസ്സിലാക്കൽ നിരീക്ഷണ- കുറിപ്പ് എഴുതൽ

→ ഇലകളിലെ സിരാവിന്യാസം, വേരുപടലം, ബീജപത്രങ്ങളുടെ എണ്ണം എന്നിവ തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച് ലഘുകുറിപ്പ് തയ്യാറാക്കൽ

→ സാമൂഹിക നന്മയ്ക്കുവേണ്ടി പോരാടിയ വ്യക്തികളെ ആദരിക്കൽ, സംവദിക്കൽ

→ ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കൽ – പ്രകൃതിനടത്ത പക്ഷിനിരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കൽ

## സെപ്തംബർ, ഒക്ടോബർ, നവംബർ, ഡിസംബർ

→ കേരളത്തിന്റെ സാംസ്കാരിക വൈവിധ്യം തിരിച്ചറിയൽ (ICT സാധ്യത ഉപയോഗപ്പെടുത്തി വിവിധതരം കലകൾ പരിചയപ്പെടൽ, നാടൻകലാകാരന്മാരുമായി അഭിമുഖം സംഘടിപ്പിക്കൽ, ചോദ്യോത്തരങ്ങൾ കുട്ടികൾ തയ്യാറാക്കൽ).

→ പ്രകൃതി പ്രതിഭാസങ്ങളെ വിശകലനം ചെയ്യൽ, ലഘുനിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ, പ്രദർശനം - കൗതുകം പ്രദർശനം

→ ലഘുപരീക്ഷണങ്ങളിലൂടെ ചുറ്റുപാടുമുള്ള വസ്തുക്കളുടെ പൊതുസ്വഭാവങ്ങൾ ക്രോഡീകരിച്ച് ലഘുപരീക്ഷണങ്ങളിലൂടെ തെളിയിക്കുന്നു. പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ

→ നിരീക്ഷണങ്ങളിലൂടെ സ്വന്തം ക്ലാസ്മുറിയുടെയും വിദ്യാലയത്തിന്റെയും രൂപരേഖ ദിശ പാലിച്ച് തയ്യാറാക്കുന്നു

വിദ്യാലയ മാതൃകാനിർമ്മാണം - പ്രദർശനം

ഡിസംബർ, ജനുവരി, ഫെബ്രുവരി, മാർച്ച്

→ ഓരോ സംസ്ഥാനത്തിനും വ്യത്യസ്ത ഭാഷാപാരമ്പര്യമാണ് ഉള്ളത് എന്ന് തിരിച്ചറിഞ്ഞ് ഇത്തരം വ്യത്യാസങ്ങൾക്കിടയിലും നാം ഇന്ത്യക്കാരാണ്, നാം ഒന്നാണ് എന്ന ദേശീയബോധം വളർത്തുകയും ചെയ്യുന്ന പ്രവർത്തന പരിപാടികളിൽ ഏർപ്പെടുന്നു.

→ വിവിധ സംസ്ഥാനങ്ങളുടെ നൃത്തരൂപ പ്രദർശനം

## അക്കാദമിക മാസ്റ്റർ പ്ലാൻ - ഗണിതം ക്ലാസ് IV

### ആമുഖം

ഗണിത പഠനസമീപനം എന്നത് വസ്തുക്കളെ സംഖ്യകൾ ഉപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതാണ്. ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഗണിതശാസ്ത്രം വളരെയധികം സ്വാധീനം ചെലുത്തുന്നുണ്ട്. അർത്ഥപൂർണ്ണമായ ആശയ രൂപീകരണത്തിലൂടെ കുട്ടികളുടെ യുക്തി ചിന്ത വികസിപ്പിക്കുന്ന ഗണിത ശാസ്ത്രപഠനസമീപനമാണ് സ്വീകരിക്കുന്നത്.

### ലക്ഷ്യങ്ങൾ

* അടിസ്ഥാന ഗണിത ക്രിയകൾ എല്ലാകുട്ടികൾക്കും ഉറപ്പാക്കുക.
* ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
* കരിക്കുലം വിഭാവനം ചെയ്യുന്ന ശേഷികൾ നേടിയെന്ന് ഉറപ്പാക്കുക.
* ആധുനിക സാങ്കേതിക വിദ്യകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
* യുക്തി ചിന്ത, ഗണിത ചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

### പ്രവർത്തനങ്ങൾ

#### ജൂൺ

* നാലക്ക സംഖ്യകളുടെ സംഖ്യാബോധം, വ്യാഖ്യാനം
* കളിനോട്ടുകൾ ഉപയോഗിച്ചുള്ള ഗണിതകേളികൾ
* പാറ്റേൺ വിശകലനം
* റോമൻ സംഖ്യാസമ്പ്രദായം പരിചയപ്പെടൽ
* മലയാള അക്കങ്ങൾ പരിചയപ്പെടൽ
* ഡൈസ് കളി, സംഖ്യാ ചക്രം തുടങ്ങിയ ഗണിതകേളികൾ
* ഗണിതമൂല നിർമ്മാണം.

#### ജൂലായ്

* ക്ലോക്ക്, വാച്ച്, നോക്കി സമയം പറയൽ
* മിനിറ്റിന് സെക്കന്റുമായും മണിക്കൂറുമായുള്ള ബന്ധം വിശദീകരിക്കുന്നു.
* 24 മണിക്കൂർ ക്ലോക്കിൽ നൽകിയ സമയത്തെ 12 മണി

= ജ്ഞാനിലെയും തിരിച്ചും വഴി പറയുന്നു.

* സമയത്തെ am, pm എന്നിവ ചേർത്തെഴുതി പറയുന്നു.
* പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
* സമയദൈർഘ്യം കണ്ടെത്തുന്നു.
* സമയവിവരപ്പട്ടിക അപഗ്രഥിച്ച് നിഗമനത്തിൽ എത്തുന്നു.
* കലണ്ടർ പരിചയപ്പെടുത്തുന്നു, കലണ്ടർ പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.

## ആഗസ്റ്റ്

* നാലക്കസംഖ്യകളുടെ സങ്കലനം
* പുനഃക്രമീകരണം വരാത്തതിൽ നിന്ന് പുനഃക്രമീകരണം വരുന്നതിലേക്ക് സങ്കലനക്രിയകൾ അടങ്ങിയ പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
* ഹോണസ്റ്റി ഷോപ്പ് ഗെയിം
* ഗണിതശാസ്ത്രജ്ഞരെ പരിചയപ്പെടൽ
* ഗണിത ക്വിസ് സംഘടിപ്പിക്കൽ
* ഒന്നാം ടേം മൂല്യനിർണയം

## സെപ്തംബർ

* രണ്ട് നാലക്കസംഖ്യകൾ തമ്മിൽ വരുന്ന വ്യത്യാസം കാണുന്നു.
* വ്യവകലനക്രിയകളിൽ കടമെടുത്തു ചെയ്യുന്നു.
* പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
* കുടുംബ ബജറ്റ് തയ്യാറാക്കൽ
* ക്ലാസിൽ ഒരു കച്ചവടം
* കുട്ടികളുടെ ബാങ്ക് - സമ്പാദ്യശീലം വളർത്തൽ

## ഒക്ടോബർ

* ജ്യാമിതീയ രൂപങ്ങൾ വരയ്ക്കൽ
* ചതുരത്തിന്റെയും ത്രികോണത്തിന്റെയും ചുറ്റളവ് കണ്ടെത്തൽ
* ചുറ്റളവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു
* ത്രിമാന വസ്തുക്കൾ പട്ടികപ്പെടുത്തൽ